കേരള കാർഷിക സർവകലാശാല വാർത്തകൾ
(ഒക്ടോബർ 12 - 18, 2018)
(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
e-mail: ccmannuthy@kau.in, Phone: 0487 - 2370773)

No. C3/4/2018 - 43 Dt. 11.10. 2018

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

പ്രളയത്തെ ചെറുത്ത് നിന്ന നെൽപ്പാടങ്ങളിൽ താഴെ പറയുന്ന പരിപാലന മുറകൾ അടിയന്തിരമായി ചെയ്യേണ്ടതാണ്.

ചിനപ്പ് പൊട്ടിക്കൊണ്ടിരിക്കുന്ന പ്രായമെങ്കിൽ ഏക്കർ ഒന്നിന് 30 കിലോ യൂറിയ, 10 കിലോ പൊട്ടാഷ് എന്നിവ വിതറി കൊടുക്കണം. വരണ്ട കാലാവസ്ഥയുള്ള സാഹചര്യത്തിൽ മണ്ഡരിയുടെ ആക്രമണത്തിന് സാധ്യതയുണ്ട്. കൂടാതെ പോളകരിച്ചിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ മുതലായ രോഗങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രതിവിധിയായി പോളരോഗത്തിനു ട്രൈഫ്ളോസിസ്ട്രോബിനും ടെബുകൊനാസോളും (0.4 മി.ലി) എന്ന തോതിൽ തളിക്കേണ്ടതാണ്. ബാക്ടീരിയ മൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2 ശതമാനം (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളി) സ്പ്രേ ചെയ്യുക.

പ്രളയ ബാധിതമല്ലാത്ത മേഖലകളിൽ സാധാരണ കൃഷിവിളകൾക്ക് താഴെ പറയുന്ന കാർഷിക വിധികൾ പാലിക്കേണ്ടതാണ്.

മഴയുള്ള പ്രദേശങ്ങളിലെ തെങ്ങിൻ തോട്ടങ്ങളിൽ രണ്ടാം ഘട്ട രാസവള പ്രയോഗം നടത്തുവാനുള്ള സമയമാണിത്. തെങ്ങൊന്നിന് 650 ഗ്രാം യൂറിയ, 1300 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 1300 ഗ്രാം മ്യൂറേറ്റ് ഓഫ് പൊട്ടാഷ് എന്ന തോതിൽ ചേർത്തുകൊടുക്കാവുന്നതാണ്. കൂടാതെ തെങ്ങിനെ വ്യാപകമായി ബാധിച്ചു വരുന്ന ചെന്നീരൊലിപ്പ് രോഗത്തിനെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. തെങ്ങിന്റെ തടിയിൽ കാണുന്ന വിള്ളലുകളിലൂടെ ചുവപ്പുകലർന്ന തവിട്ടു നിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. ഇത് ഉണങ്ങി കറുപ്പു നിറത്തിലെ പാടുക ളായും കാണാറുണ്ട്. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ ബോർഡോ പേസ്റ്റ് പുരട്ടുക. ഒന്നു രണ്ടു ദിവസത്തിന് ശേഷം ചൂടുള്ള കോൾട്ടാർ പുരട്ടുക. ഹെക്സാകൊണാസോൾ 25 മി.ല്ലി 25 ലിറ്റർ വെള്ളത്തിൽ കലക്കി തടത്തിലെ മണ്ണ് കുതിരത്തക്ക വിധത്തിൽ ഒഴിക്കുക.

തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4G – 20ഗ്രാം, 200 ഗ്രാം മണലുമായി ചേർത്തതോ ഫിപ്രോനിൽ 0.3 G – 20 ഗ്രാം മണലുമായി ചേർത്ത മിശ്രിതമോ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ

ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ആവർത്തിക്കേണ്ടതാണ്. (ജനുവരി, മെയ്, സെപ്റ്റംബർ/ഒക്ടോബർ)

കുരുമുളക് തോട്ടം വൃത്തിയായി സൂക്ഷിക്കണം. മുകളിലെ വേരുകൾ പൊട്ടാതെ സൂക്ഷിക്കണം. പുതയിടുകയും ചെയ്യണം. പൊള്ളു വണ്ടിന്റെ ഉപ ദ്രവം ഉണ്ടെങ്കിൽ, ക്വിനൽഫോസ് 2 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് തളിച്ച് ഇതിനെ നിയന്ത്രിക്കണം. കീടനാശിനി ആവശ്യമെങ്കിൽ മാത്രമെ തളിക്കാവൂ. കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ ട്രൈക്കോഡെർമ്മ എന്ന കുമിളിൻെറ കൾച്ചർ ഉപയോഗിക്കാം. ഇതിനായി ഒരു കിലോഗ്രാം ട്രൈക്കോഡെർമ്മ കൾച്ചർ 90 കി.ഗ്രാം ഉണക്കിപ്പൊടിച്ച ചാണകവും 10 കി.ഗ്രാം വേപ്പിൻപിണ്ണാക്കും കൂട്ടി കലർത്തിയ മിശ്രിതം ഉണ്ടാക്കുക. ഇത് തണലിൽ കൂനകൂട്ടി നനഞ്ഞ ചാക്കുകൊണ്ട് പുതയിട്ട് മൂടിയിടണം. 5 ദിവസങ്ങൾക്കുശേഷം ഒന്നുകൂടി നനച്ച് വീണ്ടും ഒരാഴ്ച്ച കഴിഞ്ഞ് പച്ച നിറത്തിൽ കുമിൾ വളർന്നു വന്നാൽ ഉപയോഗിക്കാം. ഇത് ഓരോ തടത്തിനും 2-5 കിലോഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കാവുന്നതാണ്. മണ്ണിലെ ജൈവാംശത്തിന്റെ തോതനുസരിച്ച് ട്രൈക്കോഡെർമ്മയുടെ പ്രവർത്തനം 3-4 മാസങ്ങളോളം നിലനില്ക്കുന്നതാണ്. മണ്ണുത്തിയിലുള്ള സെയിൽസ് സെന്ററിലും വെള്ളാനിക്കരയിലുള്ള സെൻട്രൽ നഴ്സറിയിലും ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP വിഭാഗത്തിലും ട്രൈക്കോഡെർമ്മ കൾച്ചർ ലഭ്യമാണ്.

പച്ചക്കറി വിളകളിൽ കാണുന്ന ഇലചുരുളൽ, മൊസേക്ക് എന്നീ വൈറസ് രോഗങ്ങൾ പരത്തുന്ന ചെറു കീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്യുകയും വേണം. ജൈവ കീടനാശിനികളായ വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം, ബിവേറിയ അല്ലെങ്കിൽ വെർട്ടിസീലിയം 20 ഗ്രാം 1 ലിറ്റർ വെളളത്തിൽ ലയിപ്പിച്ച് തളിക്കുന്നത് ഇത്തരം ചെറുകീടങ്ങൾക്കെതിരെ ഫല പ്രദമാണ്.

ശീതകാല പച്ചക്കറി കൃഷികളായ കാബേജ്, ക്വാളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ നടാൻ പറ്റിയ സമയമാണ്. ആദ്യം തന്നെ ഒരു സെന്റിന് രണ്ട് കിലോ കുമ്മായം എന്ന നിരക്കിൽ കുമ്മായം വിതറണം. അതിന് ശേഷം മണ്ണ് നല്ലവണ്ണം കിളച്ചിളക്കി ഒരടി വീതിയും ആഴവുമുള്ള ചാലുകൾ രണ്ടടി അകലത്തിൽ എടുത്തതിനുശേഷം ജൈവവളം ഒരു സെന്റിന് 100 കിലോ എന്ന തോതിൽ ചേർത്ത് ചാലുകൾ മുക്കാൽ ഭാഗം മൂടിയതിന് ശേഷം ഒന്നേകാൽ അടി അകലത്തിൽ തൈകൾ നടണം. ഒരു സെന്റിൽ 100-150 തൈകളോളം നട്ട് ഒരാഴ്ച്ച കഴിഞ്ഞ് 20 കിലോഗ്രാം ജൈവവളത്തോടൊപ്പം ഒരു കിലോ സ്യൂഡോമോണാസ് എന്ന തോതിൽ ചേർത്ത് ഇട്ടു കൊടുക്കണം.

ജാതിയുടെ കൊമ്പുണക്കം രോഗത്തെ നിയന്ത്രിക്കാനായി 1% വീര്യമുള്ള ബോർഡോമിശ്രിതം അല്ലെങ്കിൽ 0.3% വീര്യത്തിൽ കോപ്പർ ഓക്സിക്ലോറൈഡ് മരത്തിന്റെ എല്ലാ ഭാഗത്തും വീഴത്തക്കവണ്ണം തളിക്കാം. കൂടാതെ കോപ്പർ ഓക്സിക്ലോറൈഡ് മരത്തിന്റെ കടയ്ക്കൽ 5-10 ലിറ്റർ വരെ ഒഴിച്ചു കൊടുക്കണം. മരുന്ന് തളി നടത്തുന്നതിനുമുമ്പ് ഉണക്കം ബാധിച്ച കൊമ്പുകൾ ഒരിഞ്ച് താഴെ വെച്ച് മുറിച്ച് കളഞ്ഞതിന് ശേഷം കത്തിച്ചുകളയുകയോ കുഴിച്ചു മൂടുകയോ ചെയ്യണം.

വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കാർഷിക സർവ്വ കലാശാലയുടെ ത്രൈമാസികയായ കല്പധേനുവിന്റെ സെപ്റ്റംബർ ലക്കവും വില്പനയ്ക്കുണ്ട്. ഈ മാസികയുടെ വരിക്കാർ ആവാൻ താൽപര്യമുള്ളവർ 9447789728 / 9605612478 എന്ന നമ്പറിൽ ബന്ധപ്പെടേതാണ്.

2. കേരള കാർഷിക സർവ്വകലാശാല, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭി മുഖ്യത്തിൽ 'ശുദ്ധജല മത്സ്യകൃഷി' എന്ന വിഷയത്തിൽ ഒരു പരിശീലന പരി പാടി നടത്തുന്നു. 1000/- രൂപ രജിസ്ട്രേഷൻ ഫീസോടെ 2018 ഒക്ടോബർ 16, 17 തിയ്യതികളിൽ കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ വെച്ച് നടത്തുന്ന പരി പാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. 0487 – 2370773, 9010929419

ഒപ്പ്/-

പ്രൊഫസർ & ഹെഡ്
കമ്മ്യൂണിക്കേഷൻ സെന്റർ